**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2943** **13-10-2021 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) | 2020-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പട്ടിക പ്രകാരം സംസ്ഥാനത്ത് 1,91,873 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇവരിൽ സ്വന്തമായി വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ബി) | സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | എങ്കിൽ എത്രകാലമായി ഇവർ ഭവനരഹിതരായി തുടരുന്നുവെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലൊപ്മെന്റിന്റെ ( NIRD യുടെ) 2010- ലെ പഠന റിപ്പോർട്ട് പ്രകാരം 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിരുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രത്യേക സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാകാം ഇതിനു കാരണം. |
| (ഡി) | ഭവനരഹിതരായ ഇവരുടെ വാസം ഇപ്പോൾ എങ്ങനെയാണെന്നും സ്വന്തമായി വീട് എന്ന ഇവരുടെ സ്വപ്നം എപ്പോൾ സാക്ഷാത്കരിക്കപ്പെടുമെന്നും വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ഭവനരഹിതരായിട്ടുള്ളവർ കൂട്ടുകുടുംബങ്ങളായും, വാടക വീടുകളിലും താമസിച്ചു വരുന്നു. ഫിഷറിസ് വകുപ്പ് മുഖേന നിലവിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടപ്പാക്കി വരുന്നു. അടുത്ത 5 വർഷംകൊണ്ട് ഭവനരഹിതരായ അർഹരായ മുഴുവൻ ആളുകൾക്കും ഭവനം ലഭ്യമാക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. |
| (ഇ) | ഭവനരഹിതരായതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പരിഹാരനടപടികളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ഇ) | ഭവനരഹിതരായതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം 1**

| DISTRICT | NO.OF FAMILY |
|---|---|
| 1. TRIVANDRUM | 41379 |
| 2. KOLLAM | 23661 |
| 3. ALAPPUZHA | 37777 |
| 4. KOTTAYAM | 3400 |
| 5. PATHANAMTHITTA | 50 |
| 6. IDUKKI | 258 |
| 7. ERNAKULAM | 22251 |
| 8. THRISSUR | 6407 |
| 9. PALAKKAD | 498 |
| 10. MALAPPURAM | 27187 |
| 11. KOZHIKKODE | 16360 |
| 12. WAYANAD | 24 |
| 13. KANNUR | 5273 |
| 14. KASARAGOD | 7348 |
| **GRAND TOTAL** | **191873** |

# അനുബന്ധം 2

**LIFE MISSION - STATUS - LIST TRANSFERED FROM FISHERIES DEPT TO Life Mission )**

| SL No | DISTRICT | LAND LESS HOME LESS | HOME LESS |
|---|---|---|---|
| 1 | Thiruvananthapuram | 4071 | 1198 |
| 2 | Kollam | 1204 | 879 |
| 3 | Pathanamthitta | 5 | 15 |
| 4 | Alappuzha | 359 | 2419 |
| 5 | Kottayam | 31 | 95 |
| 6 | Idukki | 6 | 27 |
| 7 | Ernakulam | 173 | 1346 |
| 8 | Thrissur | 215 | 222 |
| 9 | Palakkad | 34 | 28 |
| 10 | Malappuram | 381 | 1107 |
| 11 | Kozhikkode | 374 | 301 |
| 12 | Kannur | 410 | 133 |
| 13 | Kasargode | 83 | 8 |
| | **TOTAL** | **7346** | **7778** |